പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 1722 13-7-2011 —ൽ മറുപടിക്ക്

## സിഡ്കോയിലെ നിയമനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ബെന്നി ബെഹനാൻ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) സിഡ്കോ-യിൽ റിട്ടയർ ചെയ്ത ഉദ്യോഗസ്ഥരെ കോൺട്രാക്ട് വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ടോ; എങ്കിൽ എത്ര കാലമായി ഇവരെ നിയമിച്ചിട്ടുണ്ട്; | (എ) നിയമിച്ചിട്ടുണ്ട്, 2007 മുതൽ ഇത്തരം നിയമനങ്ങൾ നടത്തി വരുന്നുണ്ട്. |
| (ബി) ഇവരുടെ നിയമനത്തിന്റെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ;<br>ശമ്പളത്തിനും മറ്റ് ആനുകൂല്യങ്ങൾക്കും എവിടെനിന്നാണ് തുക കണ്ടെത്തുന്നത് ? | (ബി) ഇവരുടെ നിയമനത്തിന് മാനദണ്ഡങ്ങളൊന്നും നിശ്ചയിച്ചിട്ടില്ല. കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ സിഡ്കോയിൽ നിന്നും 133 പേർ വിരമിച്ചെങ്കിലും അതിന് ആനുപാതികമായ നിയമനങ്ങൾ നടത്തിയിട്ടില്ല. തന്മൂലമുണ്ടായ ജീവനക്കാരുടെ അപര്യാപ്തത സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കാതിരിക്കാൻ വേണ്ടിയാണ് വിരമിച്ച ജീവനക്കാരുടെ സേവനം താൽക്കാലികാടിസ്ഥാനത്തിൽ ഉപയോഗിക്കുന്നത്. ഇവരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും സിഡ്കോയുടെ ഫണ്ടിൽ നിന്നാണ് കണ്ടെത്തുന്നത്. |

സെക്ഷൻ ഓഫീസർ